# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1992 — 14.08.2017 — ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | ഫിഷറീസ് ഡിപ്പാർട്ട്മെന്റ് 2017 ജൂലൈയിൽ താനൂരിൽ നടത്തിയ അദാലത്തിൽ റേഷൻകാർഡ് മുൻഗണനാ പട്ടിക സംബന്ധിച്ച് ലഭിച്ച പരാതികൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് ലഭിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പട്ടിക തയ്യാറാക്കിയപ്പോൾ സംഭവിച്ച അപാകതകൾ നിമിത്തം അർഹരായിട്ടും മുൻഗണനാ പട്ടികയിൽ ഉൾപ്പെടാതെ പോയ നിർധനരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ എന്ത് നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ? | (ബി) | മുൻഗണനാ ലിസ്റ്റിൽ വന്ന അപാകതകൾ തിരുത്തി, 14.01.11 ലെ സ.ഉ(കൈ)നം. 16/2011/ത.സ്വ.ഭ.വ, 27.04.12 ലെ സ.ഉ (കൈ)നം.112/12/ത.സ്വ.ഭ.വ എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത നേടുന്ന ഗുണഭോക്താക്കളെ എല്ലാവരെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മത്സ്യ, കയർ, കശുവണ്ടി, തോട്ടം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലാളികളേയും, സർക്കാർ ജോലി ഉൾപ്പെടെ സ്ഥിര വരുമാനമുള്ളവരെ ഒഴിവാക്കി മറ്റെല്ലാ പട്ടികജാതി കുടുംബങ്ങളേയും മറ്റു മാനദണ്ഡങ്ങൾ മാറ്റിവെച്ച് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനർഹരെ ഒഴിവാക്കുന്നത് സംബന്ധിച്ച കർശന നിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്. അനർഹരെ പൂർണ്ണമായും ഒഴിവാക്കുന്നതിനായി മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന കാര്യവും പരിഗണിക്കുന്നുണ്ട്. |

*സെക്ഷൻ ഓഫീസർ*